**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5638** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ എത്ര അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ ആണുള്ളത്; അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ എന്തുകൊണ്ടാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാത്തത്; | (എ) | നിലവിൽ 865 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ ഉണ്ട്. അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത 76 ഗ്രാമപഞ്ചായത്തുകളിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പഞ്ചായത്ത് വകുപ്പിൽ ഹെഡ് ക്ലർക്ക് ജൂനിയർ സൂപ്രണ്ട് അനുപാതം എത്രയാണ്;വ്യക്തമാക്കാമോ; | (ബി) | പ്രത്യേക അനുപാതം നിശ്ചയിച്ചിട്ടില്ല. |
| (സി) | സർക്കാരിന് യാതൊരു അധിക സാമ്പത്തിക ബാധ്യതയും ഇല്ലാതെ പഞ്ചായത്തുകളിലെ ഹെഡ് ക്ലർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടായി മാറ്റാവുന്നതാണെന്നിരിക്കെ നാളിതുവരെ ഇതുസംബന്ധിച്ച് ഒരു തീരുമാനം ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (സി) | എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജൂനിയർ സൂപ്രണ്ട് അല്ലെങ്കിൽ ഹെഡ് ക്ലാർക്ക് തസ്തിക (ഏതെങ്കിലും ഒന്ന്) നിലവിലുണ്ട്. നിലവിൽ വിഷയം പരിഗണനയിൽ ഇല്ല. |
| (ഡി) | അഞ്ച് ക്ലറിക്കൽ തസ്തികയ്ക്ക് ഒരു ജൂനിയർ സൂപ്രണ്ട് എന്ന അനുപാതം നിലനിൽക്കെ, അഞ്ച് ക്ലറിക്കൽ തസ്തികയിൽ കൂടുതലുള്ള പഞ്ചായത്തുകളിൽ പ്രസ്തുത അനുപാതം പാലിക്കാതെ വരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ; അനുകൂലമായ നടപടി സ്വീകരിക്കുമോ? | (ഡി) | എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജൂനിയർ സൂപ്രണ്ട് അല്ലെങ്കിൽ ഹെഡ് ക്ലാർക്ക് തസ്തിക (ഏതെങ്കിലും ഒന്ന്) നിലവിലുണ്ട്. നിലവിൽ വിഷയം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ